**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 212** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II പ്രൊബേഷൻ ഡിക്ലറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ 05.01.2008 ൽ പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് പ്രൊമോഷൻ നടത്തിയെങ്കിലും അവരുടെ പ്രൊബേഷൻ ഡിക്ലറേഷൻ ആരോഗ്യ വകുപ്പ് ഡയറക്ടർ നിരസിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.03.2000 വരെ സേവനത്തിൽ പ്രവേശിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റിയിൽ എച്ച്.ഐ.സി, എസ്.ഐ.സി ടെക്നിക്കൽ യോഗ്യതയിലെ മുൻഗണന സംബന്ധിച്ച് നിരവധി തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നിലവിലുണ്ട്. പ്രസ്തുത സീനിയോറിറ്റി തർക്കം കാരണം ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സ്ഥാനക്കയറ്റം മുടങ്ങുകയുണ്ടായി. 2018 കാലഘട്ടത്തിൽ സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക സമയത്ത് ഫീൽഡു വിഭാഗം ജീവനക്കാരുടെ കുറവ് പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ ബാധിച്ചു. ഈ സാഹചര്യത്തിൽ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുള്ള SLP No-12363/2018, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള OA No-620/2018 കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി 05.01.2008-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ ഒഴിവുകളിലേക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നടത്തുന്നതിന് സ.ഉ.(സാധാ) നം-2797/2018/ആ.കു.വ തീയതി.12.09.2018 പ്രകാരം അനുമതി നൽകിയിരുന്നു. സ്ഥാനക്കയറ്റം നൽകുന്നത് താൽക്കാലികവും SLP No-12363/2018, OA No- 620/2018 എന്നീ കേസുകളുടെ അന്തിമ വിധിക്ക് വിധേയവുമാണ് എന്ന് ഉത്തരവിൽ രേഖപ്പെടുത്തിയിരുന്നു. താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ ജീവനക്കാരുടെ സേവനം ക്രമവൽക്കരിച്ചതിനു ശേഷം മാത്രമേ പ്രസ്തുത ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച് |

| | | | |
|---|---|---|---|
| | | | ഉത്തരവാകുന്നതിന് കഴിയുകയുള്ളൂ. ഈ സാഹചര്യത്തിലാണ് 05.01.2008-ൽ പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 സ്ഥാനക്കയറ്റം നടത്തിയ ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്തത്. |
| (ബി) | പ്രസ്തുത കാരണത്താൽ ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ , എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുള്ള SLP No-12363/2018, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള OA No-620/2018 എന്നീ കേസുകളുടെ അന്തിമ വിധി വന്നതിനു ശേഷം, മറ്റ് നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനു ശേഷമേ ടിയാളുകൾക്ക് പ്രൊമോഷൻ നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത ജീവനക്കാരുടെ പരാതി പരിഹരിച്ച് അർഹതപ്പെട്ട പ്രൊമോഷൻ അടിയന്തരമായി ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുള്ള SLP No-12363/2018, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള OA No-620/2018 എന്നീ കേസുകളുടെ അന്തിമ വിധി വന്നതിനു ശേഷം, മറ്റ് നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനു ശേഷമേ ടിയാളുകൾക്ക് പ്രൊമോഷൻ നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ